നം. എം4/64512/2011/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം , തീയതി. 29/9/2011

# സർക്കുലർ

വിഷയം :- മാലിന്യ വിമുക്ത കേരളം - ശുചിത്വ വർഷം 2011 പ്രവർത്തന പരിപാടികൾ - നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

2011 ഒക്ടോബർ മുതൽ 2012 സെപ്റ്റംബർ വരെ ഒരു വർഷക്കാലം മാലിന്യ വിമുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ സ്ക്കൂൾ തലത്തിൽ നടത്തേണ്ടതുണ്ട്. ജൈവ അജൈവ മാലിന്യങ്ങൾ കൂടിവരുന്നതും അതു സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവർക്ക് പ്രത്യേകിച്ചും കുട്ടികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ അനധ്യാപക ജീവനക്കാർ തുടങ്ങിയവർ കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടുന്ന അടിയന്തിര സാഹചര്യമാണുള്ളത്. താഴെ കൊടുത്തിരിക്കുന്നവ ഉൾപ്പെടെ ഓരോ സ്ക്കൂളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതാണ്. പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണങ്ങൾ തേടാവുന്നതാണ്.

ദീർഘകാലാവശ്യങ്ങൾ പരിഗണിച്ചുള്ളതും, നിലനിൽക്കുന്ന സ്ഥിരം സംവിധാനങ്ങൾ ഒരുക്കുന്നതുമായ പദ്ധതികൾക്ക് മുൻതൂക്കം നൽകാവുന്നതാണ്.

ശുചിത്വ ബോധമുള്ള വ്യക്തിത്വങ്ങളെ സൃഷ്ടിക്കുക എന്നുള്ളതാണ് ഈ പരിപാടിയുടെ കാതൽ കാരണം മാലിന്യം എന്നത് മനോജന്യമായ ഒന്നാണ്. ഒരു വസ്തു ഉപയോഗിച്ചതിനുശേഷം അത് വലിച്ചെറിയപ്പെടുകയോ, ആ മലിന വസ്തു സ്ഥിതി ചെയ്യേണ്ടുന്ന സ്ഥലത്ത് അല്ലാതിരിക്കുകയും ചെയ്യുമ്പോഴാണ് അത് മാലിന്യം അഥവാ ആരോഗ്യ പൂർണ്ണമായ, സ്വസ്ഥമായ ജീവിതത്തിന് തടസ്സമായി മാറുന്നത്. അതു കൊണ്ടുതന്നെ ജൈവ അജൈവ വസ്തുക്കളുടെ ശരിയായ ഉപയോഗമാണ് ശുചിത്വം എന്ന് വിവക്ഷിക്കാം. ഈ ശീലം കുട്ടികളിൽ സൃഷ്ടിക്കാൻ ആവശ്യമായ പരിപാടികൾ സ്ക്കൂൾ തലത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

- വ്യക്തി-ഗൃഹ-പരിസര ശുചിത്വ ബോധവൽക്കരണം, ക്ലാസ്സുകൾ, പരിശീലനങ്ങൾ, പ്രോജക്ടുകൾ

- കുട്ടിയും വീടും : കുട്ടി സ്വന്തം വീടിന്റേയും പറമ്പിന്റേയും ശുചിത്വ സ്ഥിതി സ്വയം വിലയിരുത്തുന്നു. മുൻകൂട്ടി നിശ്ചയിച്ച ഘടകങ്ങളെ അടിസ്ഥാപ്പെടുത്തി ക്ലാസ് കമ്മറ്റികൾ കുട്ടികൾക്ക് സ്റ്റാർ പദവി നൽകാം.

  ക്ലാസ്സ് കമ്മറ്റി തെരഞ്ഞെടുത്ത കൂട്ടുകാരുടെ വീടുകൾ സന്ദർശിക്കാം

  പ്രവർത്തനം 2 മാസത്തിലൊരിക്കൽ ആവർത്തിക്കാം.

- സ്ക്കൂൾ സാനിട്ടേഷൻ അവാർഡുകൾ ഏർപ്പെടുത്താം
- ഗ്രീൻ കോർ എല്ലാ സ്ക്കുളുകളിലും ഏർപ്പെടുത്താം
- പൊതു ബോധവൽക്കരണം
- സ്ക്കുളുകളിൽ സ്പോൺസർഷിപ്പിലൂടെ തുണി സഞ്ചി വിതരണം
- പേപ്പർ കവറുകൾ പ്രോത്സാഹിപ്പിക്കൽ
- സ്ക്കുളുകളിൽ ഫ്ളക്സ് ബോർഡുകൾ /ബാനറുകൾ പ്രോത്സാഹിപ്പിക്കാതിരിക്കുക.
- സൃഷ്ടിക്കപ്പെട്ട ശുചിത്വ സൗകര്യങ്ങൾ നിലനിർത്തുന്നതിനും തുടർന്നും ശുചിത്വ ശീലം പാലിക്കപ്പെടുന്നതിനുള്ള സന്ദേശമെത്തിക്കൽ (പ്രാദേശിക സവിശേഷത, സംസ്കാരം എന്നിവ പരിഗണിച്ചു കൊണ്ട്)
- അദ്ധ്യാപക പരിശീലനം -സ്കൂൾ ആരോഗ്യ വിദ്യാഭ്യാസം (എസ്.എസ്.എ യുടെ സഹകരണത്തോടെ)
- സ്ക്കുളും പരിസരവും വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക.

  ക്ലാസ്സ് മുറിയുടെ ശുചിത്വം,നിരീക്ഷണം, കാരണങ്ങൾ കണ്ടെത്തൽ – അവ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നടപ്പിലാക്കാം.

  1. **സ്ക്കൂൾ കാമ്പൗണ്ടിന്റെ ശുചിത്വം :** നിരീക്ഷണം , കാരണങ്ങൾ കണ്ടെത്തൽ – പ്രധാന അദ്ധ്യാപകന്റെ നേതൃത്വത്തിൽ പ്രവർത്തന പരിപാടികൾ – പ്രവൃത്തികൾ.

2. **സ്കൂൾ യൂറിനൽ, ടോയിലറ്റുകൾ – ശുചിത്വം** :നിരീക്ഷണം– കാരണങ്ങൾ കണ്ടെത്തി പരിഹരിക്കൽ – ദൈനംദിന ശുചിത്വ പരിപാടികൾക്ക് രൂപം നൽകൽ.

3. **സ്കൂളിന്റെ അയൽപക്കത്തുള്ള പൊതു സ്ഥാപനങ്ങളായ ആശുപത്രികൾ, മാർക്കറ്റുകൾ, കടകൾ എന്നിവയുടെ ശുചിത്വം** : ഉറപ്പു വരുത്തുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ സ്കൂൾ പിടിഎ യുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റികൾ രൂപികരിച്ച് സംഘടിപ്പിക്കാവുന്നതാണ്.

4. **കുട്ടികളുടെ വീടുകൾ** : മുറികൾ, അടുക്കള, ടോയിലറ്റ് , വീടിന്റെ പരിസരം – എന്നിവയുടെ നിരീക്ഷണവും, കാരണങ്ങൾ കണ്ടെത്തി പരിഹരിക്കലും .

5. **കുട്ടികൾ ഗൃഹ സന്ദർശനം** നടത്തി പ്രശ്നങ്ങൾ നിരീക്ഷിച്ച് വീട്ടുകാരെ ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ രൂപീകരിക്കുക, ഒഴിവു ദിനങ്ങളിൽ ചെറു സംഘങ്ങളായി കുട്ടികൾ വീടുകൾ സന്ദർശിക്കുകയും, ബോധവൽകരണ പരിപാടികൾ, നോട്ടീസ്, ചിത്രങ്ങൾ, കാർട്ടുണുകൾ, മുതലായവ ഉപയോഗിച്ച് നടത്തുകയും ചെയ്യാം.

മേൽ സൂചിപ്പിച്ച ആറു മേഖലകളിലെ പ്രവർത്തനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപകന്റെ നേതൃത്വത്തിലുള്ള സമിതി വിലയിരുത്തുകയും അത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് കൈമാറുകയും. വിദ്യാഭ്യാസ ഓഫീസർമാർ അവ വിലയിരുത്തി ഏറ്റവും നന്നായി പ്രവർത്തിച്ച സ്ക്കൂളുകൾക്ക് പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യാവുന്നതുമാണ്.

ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, എൻ,ആർ,എച്ച്.എം. പിടിഎ, സന്നദ്ധ സംഘടനകൾ എന്നിവ വഴി കണ്ടെത്താം പ്രവർത്തന പരിപാടിയുടെ ഒരു കലണ്ടർ നിർമ്മിക്കുകയും അത് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യാം.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം സ്കൂൾ ക്യാമ്പസ്സിനെ പ്ലാസ്റ്റിക് മാലിന്യ വിമുക്ത മേഖലയായി പ്രഖ്യാപിക്കാൻ കഴിയണം. പ്രത്യേക പദ്ധതികൾ തയ്യാറാക്കി പ്രവർത്തിക്കാവുന്നതാണ്.

ശുദ്ധ ജലത്തിന്റെ ലഭ്യതയും ജലം മലിനമാക്കപ്പെടുന്ന അവസ്ഥകളും അവയിൽ നിന്ന് ജന്യമാകുന്ന രോഗങ്ങളെക്കുറിച്ചും സ്ക്കുകളിൽ ചർച്ച ചെയ്യപ്പെടേണ്ടുന്ന ഒരു പ്രധാന വിഷയമാണ്. ശുദ്ധ ജലത്തിന്റെ ശരിയായ ഉപയോഗത്തെ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

വ്യക്തി ശുചിത്വവും ഗൃഹ ശുചിത്വവും പരിസര ശുചിത്വവും നിരന്തരം നിലനിർത്തുന്നതിനുള്ള ഉറച്ച നിലപാട് ഓരോ വ്യക്തിയും സ്വീകരിക്കണം. അത്തരത്തിൽ വിശാലമായ പൗരബോധം വളർത്തിയെടുക്കുന്നതിനുള്ള ശ്രമമാണ് ആവശ്യം.

മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്ന വിദ്യാർത്ഥിക്കും, അധ്യാപകനും സ്ക്കൂളിനും അവാർഡുകൾ ഏർപ്പെടുത്താം.

മനുഷ്യനും പരിസ്ഥിതിയും രണ്ടല്ലായെന്നും ഒന്നു തന്നെയാണെന്നുമുള്ള ആത്യന്തികമായ ബോധത്തിലേക്ക് മാനവരാശിയെ എത്തിക്കാനുള്ള ദൗത്യമാണ് നാം ഏറ്റെടുക്കുന്നതെന്ന ബോധ്യത്തോടെ പ്രവർത്തിക്കാൻ എല്ലാ വിദ്യാഭ്യാസ പ്രവർത്തകരും കുട്ടികളും രക്ഷിതാക്കളും പൊതു സമൂഹവും തയ്യാറാകേണ്ടതുണ്ട്. അതു വഴി മാലിന്യ വിമുക്ത കേരളം എന്ന വിപുലമായ പദ്ധതി വിജയിപ്പിക്കാം.

എ. ഷാജഹാൻ, ഐ.എ.എസ്
വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

പകർപ്പ് :

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ /ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(മേൽ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.)

# പ്രൊഫോർമ - 1

ക്ലാസ്സ് : ഡിവിഷൻ : കുട്ടികളുടെ എണ്ണം :

1. കുട്ടികൾ എല്ലാ ദിവസവും ക്ലാസ്സ് മുറി വൃത്തിയാക്കുന്നുണ്ട് | Y | N |

2. ക്ലാസ്സ് മുറി അലങ്കരിക്കാൻ കുട്ടികൾ തയ്യാറാകുന്നുണ്ട് | Y | N |

3. ക്ലാസ് മുറിയിൽ നല്ല കുടി വെള്ളം കിട്ടുന്നുണ്ട് | Y | N |

4. ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും പ്രത്യേകം പ്രത്യേകം ബക്കറ്റുകളിൽ ശേഖരിക്കുന്നുണ്ട് | Y | N |

5. ജൈവമാലിന്യങ്ങൾ കംപോസ്റ്റിൽ നിക്ഷേപിക്കുന്നു. | Y | N |

6. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ചു വച്ച് റീ സൈക്ലിംഗിന് നൽകുന്നുണ്ട് | Y | N |

7. ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ശുചിത്വ ബോധമുണ്ടാക്കാൻ ക്ലാസ്സിൽ എന്തെങ്കിലും പ്രവർത്തനം നടത്താറുണ്ടോ ? | Y | N |

8. എല്ലാ കുട്ടികളേയും പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നോ ? | Y | N |

മേൽ വിവരിച്ചിട്ടുള്ള ഇനങ്ങൾ ക്ലാസ്സു മുറിയിൽ നടക്കുന്നുണ്ടെങ്കിൽ Y എന്നും ഇല്ലെങ്കിൽ N എന്നും കോളത്തിൽ ✓ രേഖപ്പെടുത്തുക.

ക്ലാസ്സു മുറി ശുചിത്വമുള്ളതായി സൂക്ഷിക്കാൻ മറ്റു എന്തെല്ലാം മാർഗ്ഗങ്ങളും രീതികളും സ്വീകരിക്കാൻ കഴിയും. താഴെ രേഖപ്പെടുത്തുക.

മേൽ കാര്യങ്ങൾ നടപ്പിലാക്കാൻ നിങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എഴുതുക.

ക്ലാസ്സ് അദ്ധ്യാപകന്റെ
പേരും

ഒപ്പും

ക്ലാസ്സ് ലീഡറുടെ
പേരും

ഒപ്പും

P.S. രണ്ടാഴ്ച കൂടുമ്പോൾ തയ്യാറാക്കി ക്ലാസ്സ് അദ്ധ്യാപകന് നൽകണം.

# പ്രൊഫോർമ - 1 എ

**സ്ക്കൂളിന്റെ പേര് :**

**ക്ലാസ്സുകളുടെ എണ്ണം :** **ഡിവിഷനുകളുടെ എണ്ണം :** **ആകെ കുട്ടികളുടെ എണ്ണം :**

1. എല്ലാ ദിവസവും ക്ലാസ്സ് മുറികൾ വൃത്തിയാക്കിയ ക്ലാസ്സുകളുടെ എണ്ണം :

2. അലങ്കരിക്കപ്പെട്ട ക്ലാസ്സ് മുറികളുടെ എണ്ണം :

3. ക്ലാസ്സ് മുറിയിൽ കുടിവെള്ളം ഉള്ള ക്ലാസ്സുകളുടെ എണ്ണം :

4. ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച ക്ലാസ്സുകളുടെ എണ്ണം :

5. ശുചിത്വ ബോധവൽക്കരണം നടത്തിയ ക്ലാസ്സുകളുടെ എണ്ണം :

6. ക്ലാസ്സ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത കുട്ടികുടെ ആകെ എണ്ണം :

പ്രൊഫോർമ ഒന്നിൽ 1 മുതൽ 8 വരെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൽ നടന്നിട്ടില്ലെങ്കിൽ ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നതാണ്.

ഒപ്പ് :
ചുമതലയുള്ള അദ്ധ്യാപകൻ

ഒപ്പ് :
പ്രധാന അദ്ധ്യാപകൻ

P.S. രണ്ടാഴ്ച കൂടുമ്പോൾ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.

# പ്രൊഫോർമ - 2

| ജോലി നിശ്ചയിക്കപ്പെട്ട ഗ്രൂപ്പ് /ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ജോലി നിശ്ചയിക്കപ്പെട്ട ദിവസം |
|---|---|---|

1. എല്ലാ ദിവസവും സ്ക്കൂൾ കാമ്പൗണ്ട് വൃത്തിയാക്കുന്നുണ്ടോ ? | Y | N |

2. സ്ക്കൂൾ കാമ്പൗണ്ടിലുള്ള ജൈവമാലിന്യം സംസ്ക്കരിക്കുന്നുണ്ടോ ? | Y | N |

3. അജൈവമാലിന്യം പ്രത്യേകം റീസൈക്ലിംഗിന് കൊടുക്കുന്നുണ്ടോ? | Y | N |

4. സ്ക്കൂൾ കാമ്പൗണ്ടിൽ മാലിന്യങ്ങൾ കുറയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ ? | Y | N |

5. കാമ്പൗണ്ടിൽ മാലിന്യങ്ങൾ കുറയ്ക്കാൻ കുട്ടികൾക്കാണ് പ്രധാന പങ്കെന്ന് വിശ്വസിക്കുന്നുണ്ടോ ?. | Y | N |

6. സ്ക്കൂളിലെ യൂറിനലുകൾ, ടോയിലറ്റുകൾ വൃത്തിയാക്കുന്നുണ്ടോ ? | Y | N |

7. യൂറിനലുകൾ, ടോയിലറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിൽ കുട്ടികൾക്ക് പ്രധാന പങ്കുണ്ടെന്ന് വിശ്വസിക്കുന്നുണ്ടോ ? | Y | N |

8. സ്ക്കൂൾ കാമ്പൗണ്ടിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കി പ്രവർത്തിക്കാൻ കഴിയുമോ ? | Y | N |

പ്രശ്നങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഇവിടെ എഴുതുക.

| | |
|---|---|
| ഒപ്പും<br>അദ്ധ്യാപകൻ | ഗ്രൂപ്പ്/ ക്ലാസ് ലീഡർ<br>പേരും ഒപ്പും |

P.S. രണ്ടാഴ്ച കൂടുമ്പോൾ തയ്യാറാക്കി പ്രധാന അദ്ധ്യാപകന് നൽകണം.

# പ്രൊഫോർമ - 2 എ

## സ്കൂളിന്റെ പേര് :

| ജോലി നിശ്ചയിക്കപ്പെട്ട ഗ്രൂപ്പ്/ക്ലാസ്സുകളുടെ എണ്ണം | ആകെ കുട്ടികളുടെ എണ്ണം | ജോലി നിശ്ചയിക്കപ്പെട്ട ആകെ ദിവസങ്ങൾ |
|---|---|---|

1. എല്ലാ ദിവസവും സ്കൂൾ കാമ്പൗണ്ട് വൃത്തിയാക്കിയ ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

2. കാമ്പൗണ്ടിലുള്ള ജൈവമാലിന്യങ്ങൾ സംസ്ക്കരിച്ച ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

3. കാമ്പൗണ്ടിൽ മാലിന്യങ്ങൾ കുറയ്ക്കാൻ നടപടികൾ സ്വീകരിച്ച ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

4. യൂറിനലുകൾ / ടോയിലറ്റുകൾ വൃത്തിയാക്കിയ ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

5. യൂറിനലുകൾ / ടോയിലറ്റുകൾ എന്നിവ വൃത്തിയാക്കുന്നതിൽ കുട്ടികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

6. സ്ക്കൂൾ കാമ്പൗണ്ടിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയ ക്ലാസ്സ് / ഗ്രൂപ്പുകളുടെ എണ്ണം :

ഒപ്പ് :

ചുമതലയുള്ള അദ്ധ്യാപകൻ

ഒപ്പ് :

പ്രധാന അദ്ധ്യാപകൻ

P.S. രണ്ടാഴ്ച കൂടുമ്പോൾ തയ്യാറാക്കി വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.